2025
ജൂലൈ
വാല്യം 18 | ലക്കം 7
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## KSFE

KSFE കോട്ടയം നാഗമ്പടം ശാഖയിൽ
ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല
മെഗാ ബിസിനസ്സ് ചിട്ടികൾ

200000 x 30 = 60 ലക്ഷം
100000 x 40 = 40 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,5000 x 40 = 1 ലക്ഷം



വേഗത്തിൽ വിളിച്ചെടുക്കാൻ സാധിക്കുന്നു
ബിസിനസ്സ് ഹൗസിംഗ് ലോൺ, OD തുടങ്ങിയവയുടെ
പലിശഭാരത്തിൽ നിന്നും ഒഴിവാക്കാനുള്ള
സുവർണ്ണാവസരം
ഇന്നുതന്നെ ബുക്ക് ചെയ്യൂ...

കോട്ടയം, നാഗമ്പടം ബ്രാഞ്ച്
ഒന്നാംനില സെന്റ് ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം, നാഗമ്പടം
Ph: 0481- 2564681, 9447797116, 7593897116
116@ksfe.com. ksfe116@gmail.com




## LIGHT HOUSE

*The Shop with a heart*

Near Collectorate, K.K.Road,
Kottayam- 686002
Ph: 0481-2561167, 2301167
Email: lighthousektm@gmail.com

വിലക്കുറവിന്റെ സന്തോഷം
വാങ്ങുമ്പോൾ മാത്രം
ഗുണമേന്മയുടെ സംതൃപ്തി
വർഷങ്ങളോളം
**400-ൽ പരം Fancy Light കളും**
**100-ൽ പരം Designer Fanകളും ലഭ്യം.**



## KOTTAYAM PIPE HOUSE

***Building the Future***

XVI/181 A Maliekal Buildings
Near Railway Over Bridge
Nagampadam, Kottayam
**Ph: 9744955858, 7592016733**

Astral Pipes, Austral Bathware,
Zoloto, Oecean, Aquatech,Ellai,
laxmi pump, Lubi pump, Torm

## ZEST ENGINEERS & CONTRACTORS

Building, X1456, Panampalam,
Arpookara East P.O., Kottayam
Ph: 0481-2969226, 9447041540,
7907297516



## SANISH METALS

Iron & Steel Traders

സ്റ്റീൽ ബിൽഡിംഗ്
റൂഫിംഗ് വർക്കുകൾക്ക്

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 JULY | Registered Newspaper, Reg. No. KERMAL/2008/24745 | VOL.18 ▪ No.07



EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | APPOINTMENTS AND TRANSFERS: |
| 08 | കെ.സി.ബി.സി. സർക്കുലർ |
| 11. | സർക്കുലർ - യുവജനദിനം |
| 15 | പരി. ഫ്രാൻസിസ് പാപ്പായുടെ സന്ദേശം |
| 21 | പ്രത്യാശയുടെ യുവത്വം |
| 22 | ലീജിയൻ ഓഫ് മേരി |
| 26 | ഇടവക വാർത്തകൾ |
| 32 | വി.എസ്.എസ്.എസ്. വാർത്തകൾ |



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# ജൂലൈ:
# വിശ്വാസവളർച്ചയുടെ മാസം

സാർവ്വത്രിക സഭ തുടങ്ങി ഗാർഹിക സഭയായ കുടുംബം വരെയുള്ള തലങ്ങളിൽ വന്ന അനുഗ്രഹങ്ങളെ ഓർമ്മപ്പെടുത്തി നമ്മെ വിശ്വാസത്തിലും വിശുദ്ധിയിലും സ്നേഹത്തിലും വളർത്തി, ഉണർവ്വും ഉത്തേജനവുമേകുന്ന തിരുനാളുകളും പെരുന്നാളുകളുമാണ് ജൂലൈ മാസത്തിലുള്ളത്.

**സാർവ്വത്രിക സഭയിൽ** ജൂലൈ 16-ാം തീയതി കർമ്മലമാതാവിന്റെ തിരുനാൾ കൊണ്ടാടപ്പെടുകയാണ്. വിജയപുരം രൂപതയ്ക്ക് അടിസ്ഥാനമിട്ട ആദ്യത്തെ രണ്ടു മെത്രാന്മാർ ബനവന്തൂരാ അരാനാ പിതാവും അംബ്രോസ് അബസൊലോ പിതാവും കർമ്മലീത്ത സന്യാസികളായിരുന്നു. രൂപതയെ ആധ്യാത്മികമായി വളർത്തിയ ആദ്യത്തെ സന്യാസസഭകളും കർമ്മലീത്താ ആധ്യാത്മികത പുലർത്തുന്നവരാണ്. അതിന് കർമ്മല മാതാവിനോട് നാം ഒത്തിരി കടപ്പെട്ടിരിക്കുന്നു.

**ഭാരതസഭയിൽ** അപ്പോസ്തലനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ജൂലൈ 3-ാം തീയതി ആഘോഷിക്കുന്നു. വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും ദൈവാനുഭവത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടുന്ന വിശുദ്ധ തോമസപ്പോസ്തലൻ. സംശയത്തിൽ നിന്ന് ആഴപ്പെട്ട വിശ്വാസത്തിലേക്ക് കടന്നുവന്നവൻ; ഉത്ഥിതനെ കണ്ടുമുട്ടാൻ കൂട്ടായ്മയിലേക്ക് വരേണ്ടി വന്നവൻ; അവനിൽ വിശ്വസിക്കാൻ വ്യക്തിപരമായി കണ്ടുമുട്ടി അനുഭവിക്കണമെന്ന് വാശിപിടിച്ചവൻ.

**കേരള സഭയിൽ** ജൂലൈ 28-ാം തീയതി വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ കൊണ്ടാടപ്പെടുന്നു. കേരള മണ്ണിൽ ജനിച്ചു വളർന്ന് സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയും വിശുദ്ധയായി തീർന്നവളാണ് കേരള സഭയിൽ നിന്ന് ആദ്യമായി വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട വിശുദ്ധ അൽഫോൻസാമ്മ.

<u>വിജയപുരം രൂപതയിൽ</u> രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ജനിച്ചത് 1954 ജൂലൈ 30-ാം തീയതിയിലും മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടത് 2006 ജൂലൈ 2-ാം തീയതിയിലുമാണ്. സെബാസ്റ്റ്യൻ പിതാവ് വിജയപുരം രൂപതയ്ക്ക് അഭിമാനമാണ്. അദ്ദേഹത്തിന്റെ ജന്മദിനവും മെത്രാഭിഷേകദിനവും വിജയപുരം രൂപതാ മക്കൾക്കെല്ലാം ആനന്ദകരവുമാണ്.

<u>ഗാർഹിക സഭ</u> കുടുംബത്തിലെ ബന്ധങ്ങളുടെ തിരുനാളുകൾ ജൂലൈ 26-ാം തീയതിയിലും ജൂലൈ 29-ാം തീയതിയിലും നാം ആഘോഷിക്കുന്നു. പരിശുദ്ധ കന്യാമറിയത്തിന്റെ മാതാപിതാക്കളായ വിശുദ്ധ യൊവാക്കിമിന്റെയും അന്നാമ്മയുടെയും തിരുനാളാണ് ജൂലൈ 26-ാം തീയതി. സ്നേഹവും വിശ്വാസവും പ്രാർത്ഥനയും വിശുദ്ധിയും വിശ്വസ്തതയും ദാനധർമ്മവും നിറഞ്ഞ ദമ്പതികളായി രുന്നു അവർ. ഒപ്പം ചരിത്രത്തിലെ ഏറ്റം മഹതിയായ മറിയത്തെ പ്രാർത്ഥനയിലൂടെയും സ്നേഹത്തിലൂടെയും സമർപ്പണത്തിലൂടെയും ജനിപ്പിച്ചു വളർത്തിയെടുത്ത ഉത്തമ മാതാപിതാക്കളും. സഹോ ദരങ്ങളായ മർത്തായുടെയും മറിയത്തിന്റെയും ലാസറിന്റെയും തിരുനാളാണ് ജൂലൈ 29-ാം തീയതി. അവർ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും വിശ്വാസത്തിന്റെയും അതിഥി സൽക്കാര ത്തിന്റെയും മാതൃകകളായി പ്രശോഭിക്കുന്നു. അവർ ഈശോയുടെ ഉത്തമ കൂട്ടുകാരായിരുന്നു. ഈശോയോടുള്ള സ്നേഹത്തിന്റെ മൂന്നു മാനങ്ങൾ അവർ വെളിപ്പെടുത്തി.

<u>വ്യക്തിയാകുന്ന സഭ</u> ജൂലൈ മാസത്തിലെ മറ്റൊരു തിരുനാളാണ് 22-ാം തീയതിയിൽ ആഘോഷിക്കുന്ന വിശുദ്ധ മഗ്ദലേനാ മറിയത്തിന്റെ തിരുനാൾ. ഒരു വ്യക്തിക്ക് എങ്ങനെ സഭയാകാമെന്ന് അവൾ വെളിപ്പെടുത്തി. ഈശോയെ പ്രാണനുതുല്യം സ്നേഹിച്ചവൾ; ഉത്ഥിതനെ ആദ്യം കണ്ടുമുട്ടിയൾ; ഉത്ഥിതന്റെ സന്ദേശം അപ്പോ സ്തലർക്ക് കൊടുത്ത് "അപ്പോസ്തലന്മാരുടെ അപ്പോസ്തല" എന്ന് അറിയപ്പെട്ടവൾ; ഈശോയിലൂടെ വിടുതലും ക്ഷമയും അനുഭവിച്ച്, ഈശോയോട് നന്ദിയാൽ നിറഞ്ഞ് ഈശോയുടെ മരണം വരെയും അതിനപ്പുറവും അവിടുത്തെ അനുഗമിച്ചവൾ. എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച് സന്യസ്തർക്കും മാതൃകയാണവൾ.

ജൂലൈ മാസം നമ്മെ ആഴപ്പെട്ട വിശ്വാസത്തിലും ഹൃദയം നിറഞ്ഞ സ്നേഹത്തിലും ത്യാഗോജ്ജ്വലമായ ശുശ്രൂഷയിലും ധീരത നിറഞ്ഞ സാക്ഷ്യത്തിലും വളരാൻ പ്രചോദിപ്പിക്കട്ടെ.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS:

**Rev. Fr. Paul Denni Ramachamkudy** is appointed as the Parish Priest of St. Michael's Church, Pothy.

**Rev. Fr. Dennis Joseph** is transferred from St. Michael's Church, Pothy and is appointed as the Parish Priest of St. Mary's Church, Mundakayam.

**Rev. Fr. Tom Jose** is transferred from St. Mary's Church, Mundakayam and is appointed as the parish Priest of Holy Cross Church, Vaisiambhagom.

**Rev. Fr. Joseph Babu Poovathumkal** is transferred from Holy Cross Church, Vaisiambhagom and is appointed as the Parish Priest of Holy Family Church, Edamon.

**Rev. Fr. Sunny Ellickal** HGN is transferred from Holy Family Church, Edamon and is appointed as the Parish Priest of Mount Carmel Church, Andoor.

**Rev. Fr. Fernandez (Jithin Mathew)** Kottamedu is transferred from Mount Carmel Church, Andoor and is appointed as the Parish Priest of Little Flower Church, Kanthaloor.

**Rev. Fr. Victor Georget** Major is transferred from Little Flower Church, Kanthaloor and is appointed as the Paris Priest of Nithyasahaya Matha Church, Chithirapuram.

**Rev. Fr. Aristotle Wellesly Franco** O de M who served as the Parish Priest of Nithyasahaya Matha Church, Chithirapuram is relieved of his ministry in the Diocese of Vijayapuram.

**Rev. Fr. Johny Kanjiraparambil MSFS** is appointed as the Parish Prist of Mount Carmel Church, Thiruvanchoor.

**Rev. Fr. Scaria Jiss) Anickal** is transferred from Mount Carmel Church, Thiruvanchoor and is appointed as the Parish Priest of Little Flower Church, Madathumbhagom.

**Rev. Fr. George Manoj Lobo** is transferred from Little Flower Church, Madathumbhagom and is appointed as the Parish Priest of Mary Queen's Church, Nedumudy.

**Rev. Fr. Emmanuel Chempara** is transferred from Mary Queens Church, Nedumudy and is appointed as the Parish Priest of St. Joseph's Church , Thopramkudy.

**Rev. Fr. Varghese (Bobby) Christopher** is transferred from St. Joseph's Church, Thopramkudy and is appointed as the Director and Warden of Holy Family Vimalahrudaya Students' Residence, Kottayam.

**Rev. Fr. Augustine P.** Asir is appointed as the Rector of Savio Minor Seminary of the Diocese of Vijayapuram, Kottayam.

**Rev. Fr. Joseph Padikaramala,** Rector of Savio Minor Seminary, Kottayam is transferred and is appointed as the Parish Priest of Mount Carmel Church, Vazhoor.

**Rev. Fr. Mathew Vattamakkil** is transferred from Mount Carmel Church, Vazhoor and is appointed as the Parish Priest of St. Paul's Church, Vettimukal.

**Rev. Fr. Ouseph Puthenparambil** is transferred from St. Paul's Church, Vettimukal and is appointed as the Parish Priest of Fathimagiri Church, Palackathakidi, Mukkoor.

**Rev. Fr. Abraham Thadatrhiparambil** HGN is transferred from Fathimagiri Church, Mukkoor and is appointed as the Parish Priest of St. Joseph's Church, Nedungapra.

**Rev. Fr. Dennis Joseph Kannamalil** is appointed as the Vicar Forane of the District III of the Diocese of Vijayapuram.

# കെസിബിസി സർക്കുലർ

## ലഹരിയെന്ന വിപത്തിനെതിരെ കൈകോർക്കാം: ജൂൺ 26 അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനാചരണം

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഈ കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി ലഹരിവ്യാപനം മാറിയിരിക്കുകയാണല്ലോ. രാസലഹരിയുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും വ്യാപനം പ്രത്യക്ഷമായോ പരോക്ഷമായോ നാമേവരെയും ബാധിച്ചുകൊണ്ടിരിക്കുന്നു. വലിയൊരു വിഭാഗം യുവജനങ്ങൾ രാസലഹരിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിൽവരെ മാരകമായ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പലയിടങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ലഹരി മാഫിയയുടെ അദൃശ്യകരങ്ങൾ നമ്മുടെ പരിസരങ്ങളിലേയ്ക്കൊക്കെയും നീണ്ടിരിക്കുന്നു എന്നുള്ളത് ഭയപ്പെടുത്തുന്ന ഒരു യാഥാർഥ്യം തന്നെയാണ്.

കേരള നിയമസഭയിൽ ഈ വർഷം അവതരിപ്പിക്കപ്പെട്ട കണക്കുകൾ പ്രകാരം 18 വയസിൽ താഴെയുള്ള 2888 കുട്ടികൾ 2024- ൽ ലഹരി വിമുക്തിക്കായി ചികിൽസ തേടിയിട്ടുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പിന്റെ കണക്കുകളനുസരിച്ച്, ഈ വർഷം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം മയക്കുമരുന്ന് കടത്ത്, വിൽപ്പന തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത 18 വയസിൽ താഴെയുള്ള 36 പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. കൂടാതെ, കേരളത്തിലെ 1057 സ്കൂളുകളെ ലഹരിമാഫിയകൾ ലക്ഷ്യം വച്ചിരിക്കുന്നതായുള്ള ഇന്റലിജൻസ് റിപ്പോർട്ട് 2023-ൽ എക്സൈസ് വകുപ്പിന് ലഭിച്ചിരുന്നു. സ്കൂൾ കുട്ടികൾക്കിടയിൽ ആശങ്കാജനകമായ വിധത്തിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും വർധിക്കുന്നതിന്റെ സൂചനകളാണ് ഇവ. സ്കൂളുകളേക്കാൾ വളരെയധികമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിമാഫിയകളുടെ പിടിയിലാണ് എന്നാണ് റിപ്പോർട്ടുകൾ.

ഈ വർഷം മാർച്ച് 12-ന് ലോക്സഭയിൽ വെളിപ്പെടുത്തിയ കണക്കുകൾ പ്രകാരം 2022 മുതൽ 2024 വരെയുള്ള മൂന്നുവർഷങ്ങൾക്കിടയിൽ കേരളത്തിൽ NDPS ആക്ട് പ്രകാരം 85334 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. മുൻവർഷങ്ങളിലേതിനേക്കാൾ വലിയ വർദ്ധനവാണ് ആ കണക്കുകൾ വ്യക്തമാക്കുന്നത്. മയക്കുമരുന്ന് സംബന്ധമായ കേസുകൾ ഇന്ത്യയിൽ ഏറ്റവും അധികം രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനമായി നമ്മുടെ കൊച്ചുകേരളം മാറിയിരിക്കുന്നു. 35883 കേസുകൾ രജിസ്റ്റർ ചെയ്ത് രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്രയുടെ ഇരട്ടിയിലധികം കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 25.85 കിലോ രാസലഹരി വസ്തുക്കൾ 2024-ൽ കേരളത്തിൽനിന്ന് പിടികൂടി.

ലഹരി വിൽപ്പനയുടെ കണ്ണികളായി പ്രവർത്തിക്കുന്നവർ ലഹരിവസ്തുവെന്ന് തിരിച്ചറിയാനാ വാത്തവിധത്തിൽ ചോക്കലേറ്റുകളുടെയും പാനീയങ്ങളുടെയും രൂപത്തിൽ രാസലഹരി വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നു എന്ന വസ്തുത ചില സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് പാനീയങ്ങളിൽ രാസലഹരിപദാർത്ഥങ്ങൾ ചേർത്തു നൽകി അവരെ ലഹരിക്ക് അടിമകളാക്കി മാറ്റാനുള്ള നീക്കങ്ങൾ നടക്കുന്നതായി അടുത്തകാലത്ത് ലഹരി വിമുക്തി നേടിയ ഒരു വ്യക്തി ചാനലുകളിൽ നടത്തിയ വെളിപ്പെടുത്തൽ, ഏതാനും ആഴ്ചകൾക്ക് മുമ്പ് മാരക ലഹരി കലർന്ന ചോക്കലേറ്റ് പായ്ക്കറ്റുകൾ കൊച്ചി വിമാനത്താവള ത്തിൽനിന്ന് പിടികൂടിയത് തുടങ്ങിയ സംഭവങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നമ്മെ നിർബ്ബന്ധിതരാക്കുന്നു.

സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കിടയിലെന്നതിനേക്കാൾ പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന യുവജനങ്ങൾക്കിടയിലും രാസലഹരിയുടെ ഉപയോഗം വളരെ വർദ്ധിച്ചിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. മയക്കുമരുന്ന് കടത്തും വിപണനവുമായി ബന്ധപ്പെട്ട് കേസുകളിൽ അകപ്പെടുന്നവരിൽ 60 ശതമാനത്തിലധികം പേരും 25 വയസിൽ താഴെയുള്ളവരാണ്. അനേകം യുവജനങ്ങൾ മയക്കുമരുന്ന് കെണികളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഇത്തരം റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാകുന്നു.

മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതികമായി അക്രമ സംഭവങ്ങൾ, അപകടങ്ങൾ, ആത്മഹത്യാപ്രവണതകൾ, ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നതും നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഇത്തരം കാരണങ്ങളാൽ സാമൂഹിക സുരക്ഷിതത്വം കുറഞ്ഞുകൊണ്ടിരിക്കുന്നത് ഈ കാലഘട്ടത്തിൽ നാം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്.

രാസലഹരികൾ ഉപയോഗിച്ചുശീലിക്കുന്ന പക്ഷം അതിൽനിന്നുള്ള വിമുക്തി ദുഷ്കരമാണ് എന്ന വസ്തുത നാം ഗൗരവമായി പരിഗണിക്കുകയും അക്കാര്യം വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധ്യപ്പെടുത്തുകയും വേണം. മക്കൾ രാസലഹരികൾക്ക് അടിമപ്പെട്ട് കുടുംബത്തിൽ പ്രതിസന്ധികൾ രൂപപ്പെടുന്നെങ്കിലും ആ വിവരം മൂടിവയ്ക്കുകയും അവരെ ചികിൽസകൾക്ക് വിധേയരാക്കാൻ മടികാണിക്കുകയും ചെയ്യുന്ന പ്രവണത മാതാപിതാക്കളിൽ കാണപ്പെടുന്നുണ്ട്. ലഹരിഅടിമത്തം ശ്രദ്ധയിൽ പെടുന്നപക്ഷം ശാസ്ത്രീയമായ ചികിൽസകൾക്ക് അവരെ വിധേയരാക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജൂൺ 3, 4 തിയതികളിൽ എറണാകുളം പിഒസിയിൽ സമ്മേളിച്ച കെസിബിസി സമ്മേളനം ലഹരി വ്യാപനത്തിന്റെ ഇത്തരം ആശങ്കാജനകമായ സാഹചര്യങ്ങളെകുറിച്ച് ഗൗരവമായി ചർച്ച ചെയ്തു. മയക്കുമരുന്ന് ഉപയോഗത്തെ പ്രതിരോധിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളോടു ചേർന്നുനിന്നുകൊണ്ട് ഈ മഹാവിപത്തിനെ ഉൻമൂലനം

ചെയ്യാനും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കുടുംബങ്ങളെയും പ്രബുദ്ധരാക്കാനും ഫലപ്രദമായ പദ്ധതികൾ ഇക്കാലഘട്ടത്തിൽ നാം നടപ്പാക്കേണ്ടതുണ്ട്. അതിന് ആദ്യപടിയായി ഈ വരുന്ന ജൂൺ 26-ന് അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സഭയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രാവിലെ നടത്തുന്ന അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്താൻ കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് കൃത്യമായ ജാഗ്രത സന്ദേശം നൽകുന്നതോടൊപ്പം ഉചിതവും ഫലപ്രദവുമായ രീതിയിൽ സ്കൂൾ-കോളേജ് അധികൃതർ അന്നേദിവസം ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേദിവസം ഉപയോഗിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രതിജ്ഞ ഇതോടൊപ്പം അയയ്ക്കുന്നു

ഇനിയും ആരും ലഹരിയുടെ കെണികളിൽ വീഴാതിരിക്കാൻ ജാഗ്രതയുള്ള സമൂഹമായി സഹോദരരുടെ കാവൽക്കാരായി പ്രവർത്തിച്ചുകൊണ്ട് ലഹരിവ്യാപനത്തിനെതിരായ പോരാട്ടത്തിൽ നമുക്കേവർക്കും കൈകോർക്കാം.


**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
*കെസിബിസി വൈസ് പ്രസിഡന്റ്*

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
*കെസിബിസി സെക്രട്ടറി ജനറൽ*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---



വണ്ടിപ്പെരിയാർ അസംപ്ഷൻ ഇടവകയിൽ 2025-26 അധ്യയന വർഷത്തിലെ വിശ്വാസ പരിശീലകരുടെ സത്യപ്രതിജ്ഞ നടത്തപ്പെട്ടു. സ്നേഹ ബഹുമാനപെട്ട ഫ്രാൻസിസ് നെടുംപറമ്പിൽ അച്ചൻ വിശ്വാസ പരിശീലകർക്ക് സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ആശീർവദിക്കുകയും ചെയ്തു. സഹ വികാരി സ്നേഹ ബഹുമാനപെട്ട അബിൻ വർഗീസ് സന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്ക് വിശ്വാസ പരിശീലകർ നേതൃത്വം വഹിച്ചു.

**ജൂലൈ 6 യുവജനദിനം**

# കെസിബിസി യുവജന കമ്മീഷൻ സർക്കുലർ മഹാജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരളകത്തോലിക്കാ സഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷതകൾകൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലി വർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്ക് ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുന്നാൾ ദിനം കൂടിയാണെന്നുള്ളതും. ജൂബിലി വർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസഭ വളരെ പ്രത്യേകമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജന ദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവകാ - സംഘടനാ തലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജന കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, മഹാജൂബിലി വർഷാചരണത്തോടും യുവജന ദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവ്വം നിങ്ങളോട് പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

## പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർത്ഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണ്ണമായ ജീവിതശൈലിയിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരുക്കവും നവീകരണവുമാണ് ഈ കാലഘട്ടത്തിൽ തിരുസഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശാക്തീകരണത്തിനും പക്വമായ ഭൗതിക സമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധപിതാവ് ലെയോ

പതിനാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്ക് പരിശ്രമിക്കാം.

## ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവ്വന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചു നിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്ന് പകർന്നു നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു.

'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം'. (CCC 1817)

## സാമൂഹിക പ്രതിസന്ധികളോടുള്ള പ്രതികരണം

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന നാമൂഹിക പ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ - സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കുന്നു. വിശ്വാസജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേയ്ക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.

ഒപ്പം, മയക്കുമരുന്ന് മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ ശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലുകൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള

നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാ തലങ്ങളിലും ഇടവകാ തലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

## തൊഴിൽ മേഖലയും സംരംഭകത്വവും

ക്രൈസ്തവ യുവജനങ്ങൾ ഏറിയപങ്കും പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നവരെ നിരുൽസാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജൻമനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ – സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രഫഷണലായി തൊഴിൽ – സംരംഭകത്വ മേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നുനൽകാൻ സംഘടനാ നേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

നിർമ്മിത ബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐ (AI)യുടെ അനന്ത സാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്തപൂർവ്വം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിതബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലന പദ്ധതികൾക്കും യുവജനസംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

## രാഷ്ട്രീയം

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയ സാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവ യുവനിര മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ

സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജന സംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവ സമുദായത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞ് മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിത പന്ഥാവിലേയ്ക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്ക് പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോട് ചേർന്നു നിന്നുകൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3, 4 ദിവസങ്ങളിൽ പിഒസിയിൽ ചേർന്ന കെസിബിസി വർഷകാല സമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. ജൂലൈ ആറാം തിയ്യതിയിലെ സ്തോത്രക്കാഴ്ച കെസിബിസി യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ - അതിരൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാപൂർവം ആശംസിക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

*N.B. 2025 ജൂലൈ ആറാം തിയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോ മലബാർ, ലാറ്റിൻ, സിറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

*ജൂലൈ 6 യുവജനദിനമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ഇടവക വികാരിമാരും സംഘടനാ നേതാക്കളും മുൻകൂട്ടി നടത്തണമെന്ന കാര്യവും ഓർമ്മിക്കുമല്ലോ.*

## 59-ാമത് ലോക സാമൂഹ്യ സമ്പർക്ക ദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം

# നിങ്ങളുടെ ഹൃദയത്തിൽ ഉള്ള പ്രത്യാശ ആദരപൂർവ്വം പങ്കുവയ്ക്കുക

(1 പത്രോ 3:15–16)

പ്രിയ സഹോദരീസഹോദരന്മാരേ,

ചില അധികാര കേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും (data and information) നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയുമ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താവിനിമയ വാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കി കൊണ്ട് നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ള വർക്കായി വാർത്തകൾ സംവേദനം ചെയ്യുക എന്ന പ്രവർത്തിയുടെ വ്യക്തിപരവും സാമൂഹ്യവുമായ ഉത്തരവാദിത്വത്തിൽ നിങ്ങളുടെ ധൈര്യ പൂർവ്വമായ ശ്രമങ്ങൾ യഥാർത്ഥത്തിൽ അനിവാര്യമായവയാണ്.

ജൂബിലിയെ കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ

അസ്വാസ്ഥ്യ ജനകമായ ഈ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ ' പ്രത്യാശയുടെ സന്ദേശവാഹകരാകാൻ' (communicators of hope) ക്ഷണിക്കുകയാണ്; അതായത് നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

### സാമൂഹ്യസമ്പർക്കം നിരായുധീകരിക്കുന്നത്

ഇന്ന് പലപ്പോഴും സാമൂഹ്യസമർക്ക മാധ്യമങ്ങൾ പ്രത്യാശ ജനിപ്പി ക്കാറില്ല; അവ 'ഭയവും നിരാശയും, മുൻവിധിയും നീരസവും, മതഭ്രാന്തും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത്. പലപ്പോഴും അത് യാഥാർ ത്ഥ്യത്തെ ലഘൂകരിക്കുകയും ഉടനടിയുള്ള തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേറിയ ആയുധ സമാനമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശലപൂർവ്വം മെനഞ്ഞെ ടുത്തതുമായ വാർത്തകൾ ഉപയോഗിച്ചുകൊണ്ട് പ്രക്ഷോപിപ്പിക്കാനും പ്രകോപിപ്പിക്കാനും മുറിവേൽപ്പിക്കാനും ഉതകുന്ന സന്ദേശങ്ങൾ അയക്കുന്നു. സാമൂഹ്യസമ്പർക്ക മാധ്യമം നിരായുധീകരിക്കേണ്ടതിനെ ക്കുറിച്ച് ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമസ്വഭാ വത്തിൽ നിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതായുണ്ട്. യാഥാർത്ഥ്യത്തെ മുദ്രാവാക്യങ്ങൾ ആക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാവില്ല.

ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾ കൊണ്ടുള്ള ആക്രമണം നമുക്കറിയാവുന്നതാണല്ലോ; മത്സരവും എതിർപ്പും ആധിപത്യ സ്വഭാവവും പിടിച്ചടക്കലും ഒക്കെ പൊതുജനാഭിപ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ' ശ്രദ്ധ വികേന്ദ്രീകരണ/ ചിതറിപ്പിക്കൽ പരിപാടി (programmed dispersion of attention); അത് ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ച് നമുക്ക് ലാഭമുണ്ടാക്കി തരികയും യാഥാർത്ഥ്യത്തെകുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്തമാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസ്സഹായമാംവിധം നാം കാണുന്നത് താല്പര്യങ്ങളുടെ ഒരുതരം അണുവൽക്കരണം (atomization) ആണ്; അതു നമ്മുടെ സാമൂഹ്യ പ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കിമറിക്കുന്നതിൽ പരിണമിക്കുന്നു; അത് പൊതു നന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘംചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണ കോണുകൾ മനസ്സിലാക്കാനുമുള്ള കഴിവ് കുറയ്ക്കുന്നു. നമ്മുടെ സ്വത്വത്തെ നിലനിർത്തുന്നതിനായി നമുക്ക് കിടപിടിക്കാനായി ഒരു 'ശത്രുവിനെ' കണ്ടെത്തുക അനിവാര്യമായി ഭവിക്കുന്നു. എന്നാൽ മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്ക് തന്നെയും പ്രത്യാശ ജനിപ്പിക്കാൻ ഉള്ള സാധ്യത കൈമോശം വരുന്നു. ഡോൺ ടോണിനോ ബെല്ലോ നിരീക്ഷിച്ചതുപോലെ "എല്ലാ സംഘർഷങ്ങളും' ആരംഭിക്കുന്നത് വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞു പോവുകയും ഇല്ലാതാവുകയും ചെയ്യുമ്പോഴാണ്' [1]. ഈ മനോഭാവത്തിന് നാം വഴങ്ങികൊടുക്കരുത്.

പ്രത്യാശ എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: 'തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശ ആണെന്ന് കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളും ആയിരുന്നുവെന്ന് മനസ്സിലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ... സാഹസത്തിനു (risk) തുനിയുക എന്നതാണ് പ്രത്യാശ. അത് സാഹസത്തിന്റെ മേലുള്ള സാഹസമാണ് (risk of risks). പ്രത്യാശ എന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അത് ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ 'പ്രത്യാശയിൽ രക്ഷ"(Spe Salvi) എന്ന ചാക്രിക ലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശ എന്നത് നിഷ്ക്രിയമായ ശുഭാപ്തി വിശ്വാസം അല്ല, മറിച്ച് ക്രിയാത്മകമായ' (performative) ഒരു സുകൃതമാണ്; അതിന് നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടുത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്ക് പുതിയ ജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' ( ഖണ്ഡിക 2).

## ആദരപൂർവം നമ്മുടെ ഉള്ളിലെ പ്രത്യാശയെ കുറിച്ച് പ്രഖ്യപിക്കുന്നത്

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (3:15-16) പ്രത്യാശയെ ക്രൈസ്തവ സാക്ഷ്യവും സാമൂഹ്യ സമ്പർക്കവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സുന്ദരമായ സമന്വയും നാം കാണുന്നു: 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടും കൂടെ ആയിരിക്കട്ടെ.' ഈ വാക്കുകളിൽ നിന്ന് മൂന്ന് സന്ദേശങ്ങൾ കവർന്നെടുക്കാൻ ഞാൻ താല്പര്യപ്പെടുന്നു.

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ.'ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്, അതായത് ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാം എന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടു എന്നു തോന്നുമ്പോഴും നിശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസ്സിലാക്കാനും അത് നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പ്രത്യാശ എന്താണെന്ന് വിശദീകരിക്കാൻ നാം തയ്യാറായിരിക്കണം എന്നതാണ് രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ എന്നാണ് പുസ്തകം പറയുന്നത്. ക്രൈസ്തവർ എന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നവർ' അല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയ രീതിയിൽ എല്ലാം അനുഭവിക്കാനാകും എന്ന് കാണിച്ചു തരുന്നവരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത്' എന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ഉത്തരം അന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം, 'വിനയത്തോടും ഭയത്തോടും ആയിരിക്കണം' ക്രൈസ്തവമായ സാമൂഹ്യ സമ്പർക്കം - ഞാൻ പറയും, സാമൂഹ്യ സമ്പർക്കം പൊതുവായി തന്നെ - വിനയത്തിലും അടുപ്പത്തിലും/ സാമിപ്യത്തിലും ആയിരിക്കണം; അതായത്, പാതയിലെ സഹയാത്രികന്റെ സംസാരം എന്ന നിലയിൽ. എല്ലാകാലത്തെയും സാമൂഹ്യ സമ്പർക്ക പ്രക്രിയയിൽ അതികായവനായവന്റെ രീതിശാസ്ത്രം; എമ്മാവൂസിലേക്കുപോയ രണ്ട് ശിഷ്യരോടൊപ്പം നടന്നുകൊണ്ട് സംഭവങ്ങൾ

വിശുദ്ധ ലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അവരോട് സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ ജ്വലിക്കാൻ ഇടവരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതിഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കി തീർക്കാൻ കഴിവുള്ള ആശയസംവേദന രീതിയെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വസ്ഥജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ നടന്നുകൊണ്ട് പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പി ക്കാനാകണം. അപ്രകാരമുള്ള ആശയസംവേദനം ഹൃദയത്തോട് സംസാരിക്കാൻ കഴിവുള്ളതായിരിക്കും; അത് പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്ര പ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിന്റെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജനകമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അത് പ്രതിജ്ഞാബദ്ധതയും തന്മയീഭാവവും അപരരെക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നത് ആയിരിക്കും. അപ്രകാരമുള്ള ആശയസംവേദന രീതി ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം അംഗീകരി ക്കുന്നതിനും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും (Dilexit Nos, 217) നമ്മെ സഹായിക്കാൻ കഴിവുള്ളതും ആയിരിക്കും.

വ്യാമോഹങ്ങളും 'ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയസംവേദന രീതിയാണ് ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അത് പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തി വയ്ക്കുന്നതാകും. മാർട്ടിൻ ലൂഥർ കിംഗ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നു പോകുന്ന വഴിക്ക് ഒരാളെ എനിക്ക് സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ... എന്റെ ജീവിതം വ്യക്തമാവുകയില്ല' [3]. എന്ന ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും (self-promotion) സ്വയം മുഴുകലിൽ (sel -absorption) നിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശബ്ദത്തിന് ഉപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം. ഒരു നല്ല ആശയസംവേദനകൻ തന്നെ കേൾക്കുന്നവരെയും വായിക്കുന്നവരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്ത് നിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥകളുടെ ആഭിമുഖ്യങ്ങളിലേക്ക് പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർത്ഥാടകർ ആയിത്തീരാൻ നമ്മെ സഹായിക്കും.

## ഒരുമിച്ച് പ്രത്യാശിക്കുന്നത്

പ്രത്യാശ എപ്പോഴും ഒരു സാമൂഹ്യ പദ്ധതിയാണ് (a community project). ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശത്തിന്റെ മാഹാത്മ്യം ഒരു നിമിഷം നമുക്ക് ചിന്താവിഷയമാക്കാം. നമ്മളെല്ലാവരും – എല്ലാവരും തന്നെ– നവമായി ആരംഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം നമ്മെ എടുത്തുയർത്താനും, നമ്മെ ആശ്ലേഷിക്കാനും നമ്മുടെ മേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തിപരവും സാമൂഹ്യവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു : നമ്മൾ ഒരുമിച്ച് പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീ സഹോദരന്മാരുടെ കൂടെ യാത്ര ചെയ്യുന്നു, നാം വിശുദ്ധ വാതിലിലൂടെ ഒരുമിച്ചു കടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹ്യ മാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറകളിൽ കഴിയുന്നവർക്ക് ഇത് കരുണയുടെയും പ്രത്യാശയുടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിൽ ആയിരിക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സമീപ്യവും ആർദ്രതയും കാണിക്കാൻ അത് ക്ഷണിക്കുന്നു. സമാധാനസ്ഥാപകർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും ( മത്താ 5:9) എന്ന് ജൂബിലി നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെ അത് പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിന് വഴികൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാരപൂർണവുമായ ആശയസംവേദനത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചു വെക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണ്ണത്തിന്റെ തീരെ ചെറിയ ഒരു തരിക്കുവേണ്ടി അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോട് പറയട്ടെ. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്തമായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുൻപിൽ ബധിരത അല്പം കുറയ്ക്കാനും, നിസ്സംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാനും അത് സഹായകമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താൻ ആവട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹ്യബോധം കെട്ടിപ്പടുക്കുകയും, നാം ഏകരല്ലെന്ന ബോധ്യം നമ്മിൽ ഉയർത്തുകയും ഒരുമിച്ച് നടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

## ഹൃദയത്തെ വിസ്മരിക്കരുത്

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതിക വിദ്യയുടെ വിസ്മയമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ, അഥവാ ആന്തരിക ജീവിതത്തെ, സംരക്ഷിക്കണമെന്ന്

ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഞാൻ ചില ചിന്തകൾ പങ്കുവയ്ക്കട്ടെ :

ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവർത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോട് സംസാരിക്കുക.

നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിന് വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക; അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്ന് തോന്നുമ്പോഴും അപ്രകാരം ചെയ്യുക.

മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക.

ഹൃദയപൂർവ്വമായി വിശ്വാസം അർപ്പിക്കുന്നത് സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെ പോലെ ആയിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അത് പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽ നിന്ന് തങ്ങളുടെ മക്കൾ തിരികെ വരുന്നത് കാണാനായി നിത്യേന പ്രാർത്ഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശയുണ്ട്. അല്പം കൂടി നല്ല ഒരു 'ഭാവി പ്രതീക്ഷിച്ചു കൊണ്ട് വലിയ സാഹസം കാണിച്ച് മറു രാജ്യങ്ങളിലേക്ക് ചേക്കേറുന്ന പിതാക്കന്മാരിൽ ആ പ്രത്യാശയുണ്ട്. യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളിക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്. അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണേതാക്കളും ആവുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതിന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടക്കുക.

പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ച് താല്പര്യ മുണ്ടായിരിക്കുക; ഒരുമിച്ച് ചേർന്നിരുന്നു നമ്മുടെ 'ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക. ദൈവീകകൃപ കൊണ്ട്, നിങ്ങൾക്ക് അത് സാധിക്കും, നമുക്കത് സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായി ഉണ്ട്. ഇതാണ് എന്റെ പ്രാർത്ഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനത്തെയും ഞാൻ ആശീർവദിക്കുന്നു.

വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയം, റോമാ
വിശുദ്ധ ഫ്രാൻസിസ് ദേ സാലസിന്റെ സ്മരണ ദിനം, 24 ജനുവരി 2025
**ഫ്രാൻസിസ് പാപ്പാ**

# പ്രത്യാശയുടെ യുവത്വം

**അജിത്ത് അൽഫോൻസ്**
(പ്രസിഡന്റ്, കെ.സി.വൈ.എം. വിജയപുരം രൂപത)

യുവാവായ ക്രിസ്തു നമുക്ക് നൽകിയ ഒരു പ്രത്യാശയുണ്ട്. ആ പ്രത്യാശയുടെ പേരാണ് സ്നേഹം.

ദൈവം തന്റെ ഏക ജാതനെ നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് നമുക്ക് പകർന്നു തന്നതും അതുതന്നെയാണല്ലോ. യുവജനങ്ങളായ നാം ഓരോരുത്തർക്കും കുരിശിലേക്കുള്ള ഒരു പ്രത്യാശ ഉണ്ടാകണം. ജീവിതത്തിൽ ഉണ്ടാകാനിടയുള്ള എല്ലാ പ്രതിസന്ധികളേയും തരണം ചെയ്യുവാനും സന്തോഷത്തോടെ സഹിക്കുവാനും നമുക്ക് സാധിക്കണമെങ്കിൽ കുരിശിനോട് ചേർന്ന് നിൽക്കണം.

നാം ആയിരിക്കുന്ന അവസ്ഥയിൽ ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ സാധിച്ചാൽ അതാണ് ഏറ്റവും വലിയ സ്നേഹം.

നമ്മുടെ മാതാപിതാക്കന്മാർക്കും സഭാ അധികാരികൾക്കും സമൂഹത്തിനും നമ്മിൽ വലിയ പ്രതീക്ഷകളുണ്ട്. ആ പ്രതീക്ഷകളെ തകിടം മറിക്കാൻ ഇടയാക്കുന്ന മയക്കുമരുന്നിനും ജഢികമായ ആസക്തികൾക്കും അടിമപ്പെടാതെ നല്ല ഭാവിയെ പടുത്തുയർത്തുവാനും കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും നല്ല പ്രതീക്ഷകളായി തീരുവാനും നമുക്ക് പരിശ്രമിക്കേണ്ടതുണ്ട്. തിന്മയെ തിന്മയാണെന്ന് സധൈര്യം വിളിച്ചു പറയാൻ നമുക്ക് സാധിക്കണം. അതോടൊപ്പം നന്മയെ ഇരുകൈകളും നീട്ടി സ്വീകരിക്കണം.

ഈ വർഷം തിരുസഭ ജൂബിലി വർഷമായി ആചരിക്കുമ്പോൾ "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്തവാക്യം ആണല്ലോ മുന്നോട്ടുവക്കുന്നത്. നമുക്കും പ്രത്യാശയുള്ള നല്ല തീർത്ഥാടകരായി മാറാൻ കഴിയണം. നമ്മുടെ വിശ്വാസത്തെക്കുറിച്ച് തിരുസഭ പഠിപ്പിക്കുന്നതും ഇതുതന്നെയാണല്ലോ; "പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ടെന്നുള്ള ബോധ്യവും." ഏത് അവസ്ഥയിലൂടെ കടന്നു പോയാലും കുരിശിലുള്ള പ്രത്യാശ കൈവിടാതെ നമുക്ക് നിരന്തരം പ്രാർത്ഥിക്കാം. അങ്ങനെ പ്രത്യാശയുള്ള നല്ല യുവത്വമായി മാറാൻ നമുക്ക് ഏവർക്കും കഴിയട്ടെ.

# ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മിസിയത്തിന്റെ 46-ാമത് വാർഷികം





ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മിസിയത്തിന്റെ 46-ാമത് വാർഷികം 2025 ജൂൺ 7 ശനിയാഴ്ച കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കൊമ്മിസിയം മുൻ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് മേരിമംഗലം അച്ചൻ പതാക ഉയർത്തി സന്ദേശം നൽകി. ലീജിയന്റെ പ്രാരംഭപ്രാർത്ഥനക്ക് ശേഷം നടന്ന പൊതുസമ്മേളനം വിജയപുരം രൂപത സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കൊമ്മിസിയം പ്രസിഡന്റ് സി. മരിയ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കൊമ്മിസിയം വൈസ് പ്രസിഡന്റ് സി.റോസിലിൻ സണ്ണി നിയമഗ്രന്ഥ പാരായണം നടത്തി. ലീജിയൻ ഓഫ് മേരി കേരള സേനാത്തുസ് സെക്രട്ടറി ബ്രദർ.സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണവും Vaisysembhagom Mater Dei കോൺവെന്റ് സുപ്പീരിയർ റവ.സി.ആലീസ്. SASMP യും ലീജിയൻ ഓഫ് മേരി മൂന്നാർ കൂരിയാ വൈസ് പ്രസിഡന്റ് സി. ആൻസി ആന്റണിയും ആശംസകളർപ്പിച്ചു. കൊമ്മിസിയം ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് ലോബോ അച്ചൻ സ്വാഗതവും കൊമ്മിസിയം കറസ്പോൺഡന്റ് സി. അന്നമ്മ മാത്യു കൃതജ്ഞതയുമർപ്പിച്ചു. കോട്ടയം ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. വിൽസൺ കപ്പാത്തിൽ ഓ. സി. ഡി, സേനാത്തുസ് പ്രസിഡന്റ് ബ്രദർ തോമസ് മേനാംപറമ്പിൽ, വൈസ് പ്രസിഡന്റ് ജെയിംസ് എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു. തുടർന്നു നടന്ന ദിവ്യബലിയോടും ഉച്ചഭക്ഷണത്തോടുംകൂടെ വാർഷികാഘോഷങ്ങൾ സമാപിച്ചു. 250 അംഗങ്ങൾ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

## പരേതരെ സ്മരിക്കാം

### ജൂലൈ

| | | |
|---|---|---|
| 01 | (1955) | ഫാ. ജോസഫ് മുണ്ടഞ്ചേരി |
| 03. | (2000) | ഫാ. ജോൺ തട്ടാരടി |
| 09. | (1955) | ഫാ. സിൽവേരിയോ ഒ.സി.ഡി. |
| 10. | (1979) | ഫാ. ഡാനിയേൽ ഒ.സി.ഡി. |
| 12. | (1941) | ഫാ. ഫ്രാൻസിസ് ഒ.സി.ഡി. |
| 13. | (1997) | ഫാ. ജോസഫ് ഇല്ലിമൂട്ടിൽ |
| 20. | (2012) | ഫാ. പീറ്റർ എസ്. ഡിക്രൂസ് |
| 23. | (2006) | ഫാ. ജോസഫ് എം.ഡി. അൽമെയ്ഡ |
| 24. | (1989) | ഫാ. അൽഫോൻസ് മേരി ഒ.സി.ഡി. |
| 24. | (1995) | ഫാ. നെമേസിയൂസ് ഒ.സി.സി. |
| 31. | (2010) | ഫാ. അഗസ്റ്റിൻ മുണ്ടുവാലയിൽ |




## ജന്മദിനാശംസകൾ






### ജൂലൈ

| | |
|---|---|
| 05 | ഫാ. ഏബ്രഹാം കാളിയത്ത് |
| 09 | ഫാ. ജോയി കൊളത്താടി |
| 11 | ഫാ. പീറ്റർ മാതിരപ്പള്ളി |
| 11 | ഫാ. ആന്റണി കൊച്ചുപാറയ്ക്കൽ |
| 12 | ഫാ. നെൽസൺ പുളിക്കൽ ഒ.സി.ഡി. |
| 12 | മോൺ. ഹെൻറി കൊച്ചുപറമ്പിൽ |
| 15. | ഫാ. ജോസഫ് കളത്തിൽ |
| 17. | ഫാ. സെബാസ്റ്റ്യൻ ഓലിക്കര |
| 17. | ഫാ. വർഗ്ഗീസ് (ബോബി) പാറപ്പറമ്പിൽ |
| 25. | ഫാ. സണ്ണി ഇല്ലിക്കൽ എച്ച്.ജി.എൻ |
| 26. | ഫാ. ജോസ് കാടൻതുരുത്തേൽ |
| 26. | ഫാ. ജോസഫ് നെൽസൺ ആവരവിള |
| 27. | ഫാ. മാത്യു ഒഴത്തിൽ |
| 28. | ഫാ. തോമസ് വെളീപ്പറമ്പിൽ |



ഇൻസ്ബ്രൂക്കിലെ ക്രാനെബിറ്റൻ പള്ളിയിൽ മലയാളി സമൂഹത്തിന് ആത്മീയ ഉണർവേകി ബിഷപ്പ് സെബാസ്റ്റ്യന്റെ സന്ദർശനം

ഇൻസ്ബ്രൂക്ക്: ഓസ്ട്രിയയിലെ ഇൻസ്ബ്രൂക്കിലുള്ള മലയാളി സമൂഹത്തിന് ആത്മീയ ഉണർവേകി ബിഷപ്പ് സെബാസ്റ്റ്യൻ സന്ദർശനം നടത്തി. ജൂൺ 6, വെള്ളിയാഴ്ച ക്രാനെബിറ്റൻ പള്ളിയിൽ വെച്ചായിരുന്നു തിരുക്കർമ്മങ്ങൾ നടന്നത്. ഇൻസ്ബ്രൂക്കിലെത്തിയ ബിഷപ്പ്, മലയാളി കത്തോലിക്കാ സമൂഹത്തോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.


വിശുദ്ധ കുർബാനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു. വിജയപുരം രൂപതാംഗവും ഇൻസ്ബ്രൂക്കിലെ മലയാളി സമൂഹത്തിന്റെ ചാപ്ലിനുമായ ഫാ. ജിൻസൻ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ബിഷപ്പ് സെബാസ്റ്റ്യൻ തന്റെ സന്ദേശത്തിൽ വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കൂട്ടായ്മയുടെ ശക്തിയെക്കുറിച്ചും ഊന്നിപ്പറഞ്ഞു.



**ഇൻസ്ബ്രൂക്ക്:** വിജയപുരം രൂപതാ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിലിൽ ഇൻസ്ബ്രൂക്ക് രൂപതാ സന്ദർശിക്കുകയും പെന്തക്കുസ്താ തിരുനാൾ ദിനത്തിൽ, ഇൻസ്ബ്രൂക്ക് രൂപതാ ബിഷപ്പ് ഹെർമൻ ഗ്ലെറ്റലറിനോടൊപ്പം (Hermann Glettler) സെന്റ് ജേക്കബ് കത്തീഡ്രലിൽ സംയുക്ത ദിവ്യബലി അർപ്പിച്ചു.

വിശുദ്ധ കുർബാന മധ്യേ ബിഷപ്പ് ഹെർമാൻ ഗ്ലെറ്റലർ, വിജയപുരം രൂപതയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും സാമൂഹിക പ്രതിബദ്ധ

തയെക്കുറിച്ചും വിശദീകരിച്ചു. വിദ്യാഭ്യാസ, സാമൂഹിക, കാരുണ്യ മേഖലകളിൽ വിജയപുരം രൂപത നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിച്ചു. തുടർന്ന് സംസാരിച്ച ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ, തങ്ങളുടെ രൂപതയ്ക്ക് ഇൻസ്ബ്രൂക്ക് രൂപത നൽകി വരുന്ന നിസ്വാർത്ഥമായ സഹായങ്ങൾക്ക് ബിഷപ്പ് ഹെർമാനോടും അവിടുത്തെ വിശ്വാസി സമൂഹത്തോടും നന്ദി രേഖപ്പെടുത്തി. വർഷങ്ങളായി തുടരുന്ന ഈ പിന്തുണ വിജയപുരം രൂപതയുടെ വളർച്ചയ്ക്കും അനേകം മിഷൻ പ്രവർത്തനങ്ങൾക്കും വലിയ സഹായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ സന്ദർശനം ഇരു രൂപതകൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ സഹായിക്കുമെന്ന് ഇരുബിഷപ്പുമാരും പ്രത്യാശ പ്രകടിപ്പിച്ചു. നിരവധി വിശ്വാസികൾ പങ്കെടുത്തു.



പീരുമേട് സോണൽതല വിശ്വാസപരിശീലന സംഗമം പാമ്പനാർ തിരുഹൃദയ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഫെറോനാ വികാരി ബഹുമാനപ്പെട്ട ഫാദർ.ജോസ് കാടന്തുരുത്തേൽ ഉദ്ഘാടനം ചെയ്ത യോഗത്തിന് മതബോധന സോണൽ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ.ജോസ് കൈതകുഴി അധ്യക്ഷപദം അലങ്കരിച്ചു. പാമ്പനാർ കാറ്റിസം പ്രധാന അധ്യാപകൻ ബെന്നി സ്വാഗതം പറഞ്ഞ യോഗത്തിന് സോണൽ സെക്രട്ടറി ഡി. സെൽവം നന്ദി പ്രകാശിപ്പിച്ചു.

## അഭിനന്ദനങ്ങൾ

**സെന്റ് ജോസഫ്സ് റോമൻ ചർച്ച്, തിരുവല്ല**

**ചെറുപുഷ്പ മിഷൻ ലീഗ് വൈസ് പ്രസിഡന്റ്**



**അബിൻ റോബി ജോർജ്**
+2 FULL A+




**പ്രാർത്ഥന വർഗീസ്**
SSLC FULL A+



**ഗ്ലോറി മാത്യു**
+2 FULL A1

# ഇടവക വാർത്തകൾ



ഡിണ്ടികൊമ്പ് സെന്റ് ജൂഡ് ഇടവകയിൽ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ പിതാവിൽ നിന്നും സ്ഥൈര്യലേപനം സ്വീകരിച്ചവർ



ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയുടെ പുതിയ റെക്ടറായി നിയമിതനായ ബഹുമാനപ്പെട്ട എഡ്വിൻ കടവന്ത്ര അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ പിതാവിനോടും മുൻ റെക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ അസീർ അച്ചനോടുമൊപ്പം.



ദേവമാതാ പ്രൊവിൻസിൻ നിന്നും പ്രഥമവ്രതവാഗ്ദാനം സ്വീകരിച്ച
സി. ക്രിസ്റ്റീനയും നിത്യവ്രതവാഗ്ദാനം സ്വീകരിച്ച സി. ബ്രോണിയ,
സി. സുജിയും അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിനോടൊപ്പം.




Assisi College of Nursing, Erumely
2025 ബിരുദ ദാന ചടങ്ങ്



വിജയപുരം രൂപതാ മെത്രാൻ
അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ച
രൂപതാംഗങ്ങളായ
**ഡീക്കൻ ചാൾസ് ആൽബിനും (ഏലപ്പാറ)**
**ഡീക്കൻ പോൾസനും (ചീന്തലാർ)**

## പ്രാർത്ഥനാശംസകൾ



ചങ്ങനാശേരി മേരി മൗണ്ട് റോമൻ കത്തോലിക്കാ ദൈവാലയത്തിൽ ഇടവക ദിനാഘോഷവും ലീജിയൻ ഓഫ് മേരി സുവർണജൂബിലി സുവനീർ പ്രകാശവും നടന്നു. വികാരി ഫാ, മാത്യു ഒഴത്തിലിന്റെ അധ്യക്ഷതയിൽ കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി ഫാ. ജിജു ജോർജ് അറയ്ക്കത്തറ മുഖ്യസന്ദേശം നല്കി. ഫാ. ആന്റണി ക്ലാരറ്റ് ഉദ്ഘാടനം ചെയ്തു. ഫാ. ഫിലിപ്പ് കുരിശുംമൂട്ടിൽ സുവനീർ പ്രകാശനം ചെയ്തു. സെബാസ്റ്റ്യൻ പ്രിൻസ് മുഖ്യപ്രതി ഏറ്റുവാങ്ങി. ഫാ. സോബിൻ ചേപ്പില, പാരിഷ് കൗൺസിൽ സെക്രട്ടറി പി.ടി. തോമസ്, സുവനീർ ചീഫ് എഡിറ്റർ ജസ്റ്റിൻ ബ്രൂസ്, മേരി തോമസ്, യേശുദാസ് സൈമൺ എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ മുതിർന്ന അംഗങ്ങളെയും വിവാഹ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്നവരെയും വിവിധ മേഖലകളിൽ മികവും തെളിയിച്ചവരെയും ആദരിച്ചു.

ആദരാഞ്ജലികൾ



**റവ.ഫാ. അലോഷ്യസ്**
**കൊണ്ടുകാലായിൽ CST**

ആദരാഞ്ജലികൾ



**സി. മേരി ഏയ്ഞ്ചൽ**
**ഗ്രേറ്റ് കാർമ്മൽ കോൺവെന്റ്**

ആദരാഞ്ജലികൾ



**തോമസ് കെ.എം.**
**സെന്റ് മേരീസ് ചർച്ച് മണാർകാട്**

## പഠന മികവിൽ വിജയപുരം രൂപതാ സെമിനാരി വിദ്യാർത്ഥികൾ

















**മൂന്നാം വർഷ ഫിലോസഫി 2023-24**

– ഒന്നാം റാങ്ക് ബ്ര. കടകശ്ശേരി ഷിജിൻ ഷാജൻ – 96.3%

**രണ്ടാം വർഷ ഫിലോസഫി 2023-24**

– ഒന്നാം റാങ്ക് ബ്ര. ഷൈൻ ഷൈജു എസ്. – 91.2%

**റവ.ഫാ. ജോൺ കുന്നപ്പള്ളി എൻഡോവ്മെന്റ് 2023-24**

– ബ്ര. അലക്സ് ആന്റണി

**മൂന്നാം വർഷ ഫിലോസഫി (റെഗുലർ) 2024-25**

– ഒന്നാം റാങ്ക് ബ്ര. ഷൈൻ ഷൈജു എസ്. – 94.5%

**രണ്ടാം വർഷ ഫിലോസഫി (എക്സ്പെറ്റേഷൻ) 2024-25**

– ഒന്നാം റാങ്ക് ബ്ര. ആന്റോ ജോസഫ് – 96.3%
– മൂന്നാം റാങ്ക് ബ്ര. മനു വർഗീസ് – 86.3%

**ഒന്നാം വർഷ ഫിലോസഫി (റെഗുലർ) 2024-25**

– മൂന്നാം റാങ്ക്– മറ്റത്തിൽ ആരോൺ ജോസഫ് – 84.7%

**റവ.ഫാ. ജോർജ്ജ് ഞാറക്കുന്നേൽ എൻഡോവ്മെന്റ് 2024-25**

– ബ്ര. ഷൈൻ ഷൈജു എസ്.

**മൂന്നാം വർഷ തിയോളജി 2023-24**

– ഒന്നാം റാങ്ക് ബ്ര. മുള്ളൻകിനവില ലിജോ ലോറൻസ് – 89.8%

**കർദ്ദിനാൾ മാർ ജോസഫ് പാറേകാട്ടിൽ മെമ്മോറിയൽ എൻഡോവ്മെന്റ് 2023-24**

– ഒന്നാം റാങ്ക് ബ്ര. മുള്ളൻകിനവില ലിജോ ലോറൻസ്



മണർകാട് സെന്റ് മേരീസ് റോമൻ കത്തോലിക്കാ ദേവാലയത്തിലെ കുടുംബ കൂട്ടായ്മയായ സെഹിയോൻ ഫാമിലി യൂണിറ്റ്, 2024-25 അധ്യയന വർഷത്തിലെ SSLC, Plus 1, Plus 2 വിജയികളായിട്ടുള്ള കുട്ടികൾക്ക് കൂട്ടായ്മ തലത്തിൽ അനുമോദനം നൽകി. യൂണിറ്റ് ലീഡർ ശ്രീ ജോസഫ് പൂവതനിക്കലിന്റെ അധ്യക്ഷതയിൽ ശ്രീ വിനയ് വിൻസെന്റിന്റെ ഭവനത്തിൽ നടന്ന യോഗത്തിൽ ശ്രീ വിവിൻ വർഗീസ് സ്വാഗതം ആശംസിച്ചു. ഇടവക PTA പ്രസിഡന്റ് ശ്രീ രാജേഷ് കൊച്ചുപറമ്പിൽ, ഇടവക സമിതി അംഗം ശ്രീ കുര്യൻ മാതിരപ്പള്ളി എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവക വികാരി റവ ഫാ. ജോസഫ് മീനായിക്കോടത്തു അനുഗ്രഹ പ്രസംഗം നടത്തുകയും അവാർഡ് വിതരണം നടത്തുകയും ചെയ്തു. കുമാരിമാരായ അനിറ്റ സോണി, ഷീനമോൾ വി ജെ, സെറാ മരിയ രാജേഷ്, സെറാ ബിജു, അതുല്യ വർഗീസ് എന്നിവർ യൂണിറ്റിൽ നിന്നും അവാർഡിന് അർഹരായി. ശ്രീമതി ശാലിനി ജോയ്ച്ചൻ കരിച്ചിറപറമ്പിൽ നന്ദി അർപ്പിച്ചു.

## മതബോധന വാർഷികം

വിജയപുരം രൂപതാ മതോബാധന വാർഷികം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. നാല് ജില്ലകളിൽ നിന്നുമായി അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ 250 പേര് പങ്കെടുത്തു. വിജയപുരം രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് മതബോധന വാർഷികം ഉദ്ഘാടനം ചെയ്തു. മതാധ്യാപകർ ജീവിതസാക്ഷ്യത്തിലൂടെ വിശ്വാസം പങ്കുവയ്ക്കുന്നവർ ആകണമെന്ന് അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. രൂപത മതബോധന ഡയറക്ടർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അസി. ഡയറക്ടർ, മേഖല ഡയറക്ടർമാർ എന്നിവർ സന്നിഹിതരായിരുന്നു. മികച്ച മതബോധ വിദ്യാർത്ഥിക്ക് ഉള്ള അവാർഡ് അർപ്പിത ബിനു (മദർ തെരേസ ചർച്ച്, തൊടുപുഴ) കരസ്ഥമാക്കി. 2024-25 വർഷത്തെ ബെസ്റ്റ് സൺഡേസ്കൂൾ അവാർഡ് നേടിയവർ എ ഗ്രൂപ്പ് വണ്ടിപെരിയാർ യൂണിറ്റ്, ബി. ഗ്രൂപ്പ് മറയൂർ യൂണിറ്റ്, സി ഗ്രൂപ്പ് കുട്ടിക്കാനം യൂണിറ്റ്, ഡി ഗ്രൂപ്പ് പെരുവ യൂണിറ്റ് എന്നിവരാണ്.



പത്താം ക്ലാസ് പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ച എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകാഗം അലോന മനോജിന് അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് ഉപഹാരം നൽകി ആദരിച്ചു.



പൊതി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ ജൂൺ 15 ഞായറാഴ്ച സൺഡേസ്കൂൾ പ്രവേശനോത്സവം നടത്തി. രാവിലെ നടന്ന ദിവ്യബലിയിൽ ഈ വർഷം പുതിയതായി പ്രവേശനം നേടിയ കിഡ്സ് ക്ലാസിലെ 11 കുട്ടികൾ കാഴ്ചവയ്പ്പ് നടത്തി. ദിവ്യബലിയ്ക്ക് ശേഷം വികാരി ഫാ. ഡെന്നീസ് കണ്ണമാലി, നവാഗതരായ കുട്ടികളെ കിരീടം ധരിപ്പിച്ചും, മധുരപലഹാരങ്ങൾ വിതരണം ചെയ്തും ഏറ്റവും ഹൃദ്യമായി വിശ്വാസ രൂപീകരണ സമൂഹത്തിലേയ്ക്ക് സ്വാഗതം ചെയ്തു. ഹെഡ്മിസ്ട്രസ് കുഞ്ഞമ്മ ഇടകോരിൽ, സ്റ്റാഫ് സെക്രട്ടറി സോജൻ പി.ജെ. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സിറ്റേഴ്സ്, അധ്യാപകർ, മാതാപിതാക്കൾ എന്നിവർ ചടങ്ങുകളിൽ പങ്കുചേർന്നു.

# വി.എസ്.എസ്.എസ്.
# വാർത്തകൾ

## ജൂൺ 12 ബാലവേല വിരുദ്ധ ദിനം



ബാലവേല വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, മാന്നാനം കെ ഇ കോളേജ് എം എസ് ഡബ്ലിയു ഡിപ്പാർട്ട്മെന്റ് മായി സഹകരിച്ച് കോട്ടയം ഹോളി ഫാമിലി ഹൈസ്കൂളിലും ഹോളി ഫാമിലി ഹയർസെക്കൻഡറി സ്കൂളിലും ബാലവേല വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിനൂസ് ബിവേര പ്രചരണ പരിപാടി ഉദ്ഘാടനം ചെയ്തു. ഹോളി ഫാമിലി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബിജു മത്തായി, ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി അന്നമ്മ എബ്രഹാം, പ്രോഗ്രാം ഓഫീസർ ശ്രീ സെബാസ്റ്റ്യൻ മാറ്റത്തിൽ, പ്രോഗ്രാം കോഡിനേറ്റർ ശ്രീ മാത്യു ജോസഫ്, KE കോളേജ് എം എസ് ഡബ്ലിയു ഡിപ്പാർട്ട്മെന്റ് ഹെഡ് ശ്രീമതി എലിസബത്ത് അലക്സാണ്ടർ എന്നിവർ സംസാരിച്ചു. മാന്നാനം കോളേജ് MSW വിദ്യാർത്ഥികൾ തെരുവുനാടകം അവതരിപ്പിച്ചു.

## നേത്രപരിശോധന ക്യാമ്പ്

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി കോട്ടയം ജില്ലാ അന്ധത നിവാരണ സമിതിയുടെയും കോട്ടയം മെഡിക്കൽ കോളേജ് നേത്രരോഗ വിഭാഗത്തിന്റെയും സഹകരണത്തോടെ പൊതി. സെന്റ് മൈക്കിൾസ് ഇടവകയിൽ നടത്തിയ നേത്ര പരിശോധന

തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ദിനാചരണവുമായി ബന്ധപ്പെട്ട് രണ്ടായിരത്തിലധികം വിയറ്റ്നാം സൂപ്പർ ഏർലി പ്ലാവിൻ തൈകളാണ് വി എസ് എസ് എസ് വിതരണം ചെയ്തത്. ദിനാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നാഗമ്പടം സെന്റ് ജോസഫ് ഐ ടി ഐ യിൽ വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ നിർവഹിച്ചു. കോട്ടയം സി എം എസ് കോളേജ് മുൻ അധ്യാപകൻ ജേക്കബ് ജോർജ് പരിസ്ഥിതിദിന സന്ദേശം നൽകി. പ്രോഗ്രാം ഓഫീസർ ശ്രീ. സെബാസ്റ്റ്യൻ മറ്റത്തിൽ, അഡ്മിനിസ്ട്രേറ്റർ ശ്രീ. ജോൺ ജോസഫ്, ഐടി അദ്ധ്യാപകൻ ശ്രീ. സുമേഷ് എസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

## ആശാകിരണം രോഗീ സഹായ നിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് വി.എസ്.എസ്.എസിൽ നൽകിയ തുകയും ചികിത്സാ സഹായം നല്കിയ തുകയും

| | | |
|---|---|---|
| ലിറ്റിൽ ഫ്ലവർ ചർച്ച് വനവാതുക്കര | - | 1070 |
| സെന്റ് മേരി0സ് ചർച്ച് നട്ടാശ്ശേരി | - | 5000 |
| സെന്റ്. സേവിയേഴ്സ് ചർച്ച് കുറിച്ചി | - | 10000 |
| സെന്റ്. ജോസഫ്സ് ചർച്ച് മാരാമൺ | - | 10000 |
| മേരിമൗണ്ട് ചർച്ച്, ചങ്ങനാശ്ശേരി | - | 15000 |
| **ചികിത്സ സഹായം നൽകിയത്** | | |
| കുറിച്ചി | - | 7000 |



അമയന്നൂർ ഇടവകയിൽ നടത്തിയ ബാലോദയം അവധിക്കാല ക്യാമ്പിൽ പങ്കെടുത്ത ബാലവേദി അംഗങ്ങൾക്ക് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകിയ നോട്ടുബുക്കുകളോടൊപ്പം, PDC നൽകിയ സ്കൂൾ ബാഗും അടങ്ങിയ പഠനോപകരണങ്ങളുടെ ഇടവകതല വിതരണോദ്ഘാടനം വികാരി ഫാ. റൊണാൾഡ് മാത്യു പുത്തൻപറമ്പിലിന്റെ അധ്യക്ഷതയിൽ VSSS പോഗ്രം കോർഡിനേറ്റർ ശ്രീ.സെബാസ്റ്റ്യൻ മറ്റത്തിൽ നിർവഹിക്കുന്നു. PDC സെക്രട്ടറി ശ്രീമതി. ലൈലാമ്മ ജോണിന്റെ നേതൃത്വത്തിൽ പഠനോപകരണ വിതരണം യൂണിറ്റുകളിൽ പൂർത്തീകരിച്ചു.



സ്ഥാനാരോഹണത്തിന്റെ
വാർഷികദിനത്തിലൂടെയും
ജന്മദിനത്തിലൂടെയും
കടന്നുപോകുന്ന
**അഭിവന്ദ്യ സെബാസ്റ്റ്യൻ
തെക്കെതേച്ചേരിൽ
പിതാവിന്**
രൂപതാമക്കളുടെ
**പ്രാർത്ഥനാശംസകൾ**



ദേവമാതാ പ്രൊവിൻസ് (CTC) ൽ ഗോൾഡൻ ജൂബിലി ആഘോഷിച്ച
സി. സിയന്നാ, സി. റേഗൽ, സി. സ്റ്റെല്ലാ മാരിസ്,
സിൽവർ ജൂബിലി ആഘോഷിച്ച സി. നിത്യാ, സി. ജോസ്‌ലെറ്റ്